# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2463** **08.03.2017- ൽ മറുപടിക്ക്**

### സർക്കാർ ഉടമസ്ഥതയിലുള്ള തുണിമില്ലുകളുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള തുണിമില്ലുകളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് രൂപീകരിച്ച വിദഗ്ദ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; ഇതിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ആരെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി) വിജിലൻസ് അന്വേഷണം നേരിടുന്ന വ്യക്തിയെ ഈ വിദഗ്ദ സമിതിയിൽ ഉൾക്കൊള്ളിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) 18.01.2017 ലെ ജി.ഒ.(സാധാ)നം.88/2017/വ്യവ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ 7 അംഗങ്ങളുള്ള ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയിലെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1)ശ്രീ.പി.നന്ദകുമാർ, നന്ദനം ഹൗസ്, ആലംകോട് പി.ഒ, മലപ്പുറം - ചെയർമാൻ.<br>2)ഡോ.എം.പി.സുകുമാരൻ നായർ, ചെയർമാൻ, റിയാബ്.<br>3)ശ്രീ.സുനിൽ ചാക്കോ, ചീഫ് ഫിനാൻസ് ഓഫീസർ, സി.ഐ.എ.എൽ.<br>4)ശ്രീ.എം.ഗണേഷ്, മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ.<br>5)ശ്രീ.ബി.അരുൾ സെൽവൻ, മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്.<br>6)ശ്രീ.കെ.എം.മാത്യു, റിയാബ് - കൺവീനർ.<br>7) സിട്ര/എൻ.ടി.സി പ്രതിനിധി.<br><br>ഇതിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ശ്രീ.എം.ഗണേഷിനെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരികയാണെങ്കിലും വിജിലൻസ് സമ്മതപ്രകാരം 12.08.2015 ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശ്രീ.എം.ഗണേഷിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതു പ്രകാരമാണ് ശ്രീ.എം.ഗണേഷിനെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി വീണ്ടും നിയമിച്ചത്. |

സെക്ഷൻ ഓഫീസർ